# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 257

10.12.2012 - ൽ മറുപടിയ്ക്ക്

## വനിതാ യാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകൾ ഉൾപ്പെടെയുള്ള ട്രെയിൻ യാത്രാക്കാരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ഏകദേശം 5.2 ലക്ഷം പേർ ദിവസേന ട്രെയിനിൽ യാത്ര ചെയ്യുന്നു. |
| (ബി) യാത്രക്കാരുടെ എണ്ണത്തിനനുസൃതമായി സുരക്ഷാ ഉദ്യോഗസ്ഥർ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | യാത്രക്കാരുടെ എണ്ണത്തിനനുസൃതമായി സുരക്ഷാ ഉദ്യോഗസ്ഥർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്ക് സംസ്ഥാന പോലീസ് സേനയിൽ നിന്നും എത്ര വനിതാ പോലീസുകാരെ റയിൽവേയിൽ നിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്ക് സംസ്ഥാന പോലീസ് സേനയിൽ നിന്ന് 23 വനിതാ പോലീസുകാരെ വർക്കിംഗ് അറേഞ്ച്മെന്റിലും 37 വനിതാ പോലീസുകാരെ സ്ഥിരം തസ്തികയിലും റെയിൽവേയിൽ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ